നം.12074/ഇ1/2017/കെ.എസ്.എച്ച്.ഒ 20/09/2021

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ മിഷനിലെ **ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്കാണ് നിയമനം.** യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

[നിശ്ചിത സമയപരിധിക്കുള്ളിൽ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം ലഭിക്കാത്ത ജീവനക്കാർക്ക് മുൻകൂർ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതമുള്ള അപേക്ഷ കുടുംബശ്രീ സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്.]

**തസ്തിക : ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്**

ആകെ ഒഴിവുകളുടെ എണ്ണം : 42

| ക്രമ നം. | സംസ്ഥാന മിഷൻ / ജില്ലാ മിഷൻ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | സംസ്ഥാന മിഷൻ | 9 |
| 2. | തിരുവനന്തപുരം | 2 |
| 3. | കൊല്ലം | 2 |
| 4. | പത്തനംതിട്ട | 1 |
| 5. | ആലപ്പുഴ | 3 |
| 6. | കോട്ടയം | 3 |
| 7. | ഇടുക്കി | 2 |
| 8. | എറണാകുളം | 3 |

| | | |
|---|---|---|
| 9. | തൃശൂർ | 3 |
| 10. | പാലക്കാട് | 3 |
| 11. | മലപ്പുറം | 2 |
| 12. | കോഴിക്കോട് | 2 |
| 13. | വയനാട് | 3 |
| 14. | കണ്ണൂർ | 2 |
| 15. | കാസറഗോഡ് | 2 |

**ശമ്പള സ്കെയിൽ :** അപേക്ഷകർ 26500-60700 (പുതുക്കിയത്) ശമ്പള സ്കെയിലിൽ ഇപ്പോൾ ജോലി ചെയ്തുവരുന്നവരായിരിക്കണം. പ്രസ്തുത ശമ്പള സ്കെയിലുള്ള ജീവനക്കാരുടെ അപേക്ഷകൾ അല്ലാതെ മറ്റൊന്നും പരിഗണിക്കുന്നതല്ല.

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വികസന പരിപാടികളിലും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും താൽപ്പര്യവും ആഭിമുഖ്യവും ഉണ്ടായിരിക്കണം.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **25/10/2021 വൈകുന്നേരം 4.00 മണി**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ